പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4707 14.11.2019- ൽ മറുപടിക്ക്

## ആർ.ഡി.എസ് പ്രോജക്ട് ലിമിറ്റഡ് പണിത പാലങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.ജെ. വിനോദ് : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി) |
| (എ) പാലാരിവട്ടം മേൽപ്പാലം പണിത ആർ.ഡി.എസ് പ്രോജക്ട് ലിമിറ്റഡ് എന്ന കമ്പനി സംസ്ഥാനത്ത് വേറെ ഏതെങ്കിലും പാലങ്ങൾ നിർമ്മിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) പാലാരിവട്ടം പാലം പണിത ആർ.ഡി.എസ്. പ്രോജക്ട്സ് എന്ന കമ്പനി കെ.എസ്.റ്റി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുന്ന കാസർകോട് - കാഞ്ഞങ്ങാട് റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ചിത്താരി പാലം, ചെളിയൻകോട് വയഡക്ട് എന്നീ പാലങ്ങളും, പിലാത്തറ — പാപ്പിനിശ്ശേരി റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി രാമപുരം പാലം, തവം റെയിൽവേ മേൽപ്പാലം, പാപ്പിനിശ്ശേരി റെയിൽവേ മേൽപ്പാലം എന്നീ പാലങ്ങളും നിർമ്മിച്ചിട്ടുണ്ട്.<br>ആർ.ബി.ഡി.സി.കെയുടെ കീഴിൽ ആർ.ഡി.എസ്, പ്രൊജക്ട് ലിമിറ്റഡ് എന്ന കമ്പനി നിലവിൽ ഒരു പാലവും നിർമ്മിക്കുന്നില്ല. താഴെ പറയുന്ന പ്രവൃത്തികൾ ആർ.ബി.ഡി.സി.കെയ്ക്ക് വേണ്ടി ആർ.ഡി.എസ് മുൻപ് പൂർത്തീകരിച്ചിട്ടുണ്ട്.<br>1. ഡിവൈൻ നഗർ (റെയിൽവേ സ്പാനും അഡ്ജസെന്റ് സ്പാനുകളും ഒഴികെ)<br>2. കൊയിലാണ്ടി ആർ.ഒ.ബി. (റെയിൽവേ സ്പാൻ ഒഴികെ)<br>3. സുൽത്താൻപെട്ട് ആർ.ഒ.ബിയുടെ തേർഡ് ആം. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പാലങ്ങളിൽ ഏതിലെങ്കിലും തകരാർ സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പാലങ്ങളിലാണ് പ്രസ്തുത തകരാർ കണ്ടെത്തിയതെന്നും എന്നാണ് അവയുടെ നിർമ്മാണം പൂർത്തീകരിച്ചതെന്നും വ്യക്തമാക്കുമോ? | (ബി) | ആർ.ബി.ഡി.സി.കെയുടെ കീഴിൽ ആർ.ഡി.എസ്, പ്രൊജക്ട് ലിമിറ്റഡ് എന്ന കമ്പനി നിർമ്മിച്ച മേൽ പറഞ്ഞ പാലങ്ങളിൽ തകരാറുകൾ കണ്ടെത്തിയിട്ടില്ല.<br>01-04-2018-ന് പണി പൂർത്തികരിച്ച കാസർകോട് - കാഞ്ഞങ്ങാട് റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി നിർമ്മിച്ച രണ്ട് പാലങ്ങൾക്കും കേടുപാടുകൾ ഒന്നും നാളിതുവരെ റിപ്പോർട്ട ചെയ്തിട്ടില്ല. 31-08-2018-ന് പണി പൂർത്തീകരിച്ച തവം ROB യുടെ പിലാത്തറ സൈഡിലായിട്ടുള്ള അപ്രോച്ച് സ്ലാബിന്റെ കാന്റിലിവർ ഭാഗത്ത് അടിയിലായി നേരിയ വിള്ളൽ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ ഡിസൈൻ നിർവഹിച്ച M/s ശ്രീഗിരി കൺസൾട്ടന്റ് എന്ന സ്ഥാപനത്തിലെ വിദ്ഗ്ധരെക്കൊണ്ട് പാലം പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എ 1 വശത്തെ അപ്രോച്ച് ഭാഗത്തെ സെറ്റിൽമെന്റ് മൂലം ഉണ്ടാകുന്ന ഉയരവ്യത്യാസം BC ഇട്ടു പരിഹരിച്ചിട്ടുണ്ട്. 31-03-2018-ന് പണി പൂർത്തീകരിച്ച പാപ്പിനിശ്ശേരി ROB ക്ക് ഘടനാപരമായ വൈകല്യങ്ങളൊന്നുമില്ല. എക്സ്പാൻഷൻ ജോയിന്റിൽ നൽകിയിട്ടുള്ള കോൺക്രീറ്റ് സീലിൽ ചെറിയ വിള്ളലുകൾ ഉണ്ടാവുകയും അവ മാറ്റി സ്ഥാപിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ